വളരെ പ്രാധാന്യം

നം. സി2/30751/2016/ഡി.റ്റി.ഇ

സാങ്കേതിക വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 16.03.2017

# സർക്കുലർ

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം- - പോളിടെക്നിക്ക് കോളേജ് - ഹാജർ മാപ്പാക്കൽ - സംബന്ധിച്ച്

സൂചന;- 1. 1/11/2016-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം.എസ്) നം.223/2016 ഉവി(എൽ2) വകുപ്പ്

2. 26/11/2016-ലെ സി2/30751/2016/ഡി.റ്റി.ഇ. എന്ന നമ്പർ സർക്കുലർ

** **

ഈ വകുപ്പിന്റെ പരിധിയിൽ വരുന്ന പോളിടെക്നിക്ക് കോളേജുകളിലെ 65%-നു മുകളിലും 75%-ന് താഴെയും ഹാജരുള്ള വിദ്യാർത്ഥികളുടെ രണ്ടാം തവണ ഹാജർ മാപ്പാക്കലിനുള്ള അപേക്ഷകൾ 01.11.2016-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് ബന്ധപ്പെട്ട റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് സമർപ്പിക്കാൻ സൂചന(2) സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പോളിടെക്നിക്ക് വിദ്യാർത്ഥികളുടെ ഹാജർ മാപ്പാക്കാനുള്ള അപേക്ഷകൾ അതാത് റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് അയച്ചു കൊടുക്കാൻ എല്ലാ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാൾമാരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഉള്ളടക്കം; സർക്കുലർ

(ഒപ്പ്)
കെ.എൻ.ശശികുമാർ
സീനിയർ ജോയിന്റ് ഡയറക്ടർ(പി.എസ്)

സ്വീകർത്താവ്

1. എല്ലാ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാൾമാർക്കും
2. ഓഫീസ്കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

സൂപ്രണ്ട് (1/c)

ബി/18/3/17

## വളരെ പ്രാധാന്യം

സി2/30751/2016/ഡി.റ്റി.ഇ.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി 26/11/2016

## സർക്കുലർ

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - പോളിടെക്നിക്ക് കോളേജ് - ഹാജർ കുറച്ച് മാപ്പാക്കൽ - സംബന്ധിച്ച്.

സൂചന:- 01/11/2016-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഒ(എം.എസ്) നം.223/2016/ ഉവി(എൽ2) വകുപ്പ്

******

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻെറ പരിധിയിൽ വരുന്ന പോളിടെക്നിക് കോളേജുകളിലെ വിദ്യാർത്ഥികളുടെ രണ്ടാം തവണ ഹാജർ മാപ്പാക്കൽ സംബന്ധിച്ച് സൂചനയിലെ സർക്കാർ ഉത്തരവു പ്രകാരമുള്ള തീരുമാനം ചുവടെ ചേർക്കുന്നു.

2. അതത് മേഖലാകാര്യാലയങ്ങളുടെ പരിധിയിൽ വരുന്ന ജില്ലകളിലെ പോളിടെക്നിക്കുകളിലെ വിദ്യാർത്ഥികളുടെ രണ്ടാം തവണ ഹാജർ മാപ്പാക്കൽ അതത് മേഖലാ കാര്യാലയങ്ങൾ തന്നെ ചെയ്യേണ്ടതാണ്. അതനുസരിച്ച് സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാർ അടുത്ത സെമസ്റ്റർ മുതൽ രണ്ടാം തവണ ഹാജർമാപ്പാക്കലിൻെറ അനുമതിക്കായി അതത് മേഖലാ കാര്യാലയങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതാണ്.

3. അതത് പോളിടെക്നിക്കുകളുടെ ഹാജർ കുറവ് മാപ്പാക്കുന്നതിന് വിദ്യാർത്ഥിയുടെ അപേക്ഷ നിശ്ചിത ഫാറത്തിലുള്ള റിപ്പോർട്ട്/മെഡിക്കൽ സർട്ടിഫിക്കറ്റ്/ഫിറ്റ്നസ് സർട്ടിഫിക്കറ്റ്/എത്ര ശതമാനം അറ്റൻഡൻസ്/ഏത് സെമസ്റ്റർ/ഏത്ബ്രാഞ്ച്/ എത്രാമത്തെ ഹാജർമാപ്പക്കൽ എന്നിവയും അതത് സ്ഥാപനത്തിലെ പ്രിൻസിപ്പാളിൻെറ മേൽപറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള കത്തും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

മൂന്നാം തവണ ഹാജർ മാപ്പാക്കൽ മുൻകാലങ്ങളിലേതുപോലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുതരേണ്ടതാണ്. പ്രസ്തുത ആവശ്യത്തിന് അയക്കുമ്പോൾ പാരാ നമ്പർ(3)ൽ പറയുന്ന രേഖകളും ഇതു സംബന്ധിച്ചു വ്യക്തമാക്കിക്കൊണ്ടുള്ള പ്രിൻസിപ്പാളിൻെറ കത്തും ഉണ്ടായിരിക്കേണ്ടതാണ്.

ഒന്നാം തവണ ഹാജർ മാപ്പാക്കൽ പതിവു പോലെ അതത് പോളിടെക്നിക്കിലെ പ്രിൻസിപ്പൽമാർ തന്നെ ചെയ്യേണ്ടതാണ്.

### അതത് മേഖലാ കാര്യാലയങ്ങളിൽപ്പെടുന്ന ജില്ലകൾ

(എ) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

(1) തിരുവനന്തപുരം (2) കൊല്ലം (3) ആലപ്പുഴ (4) പത്തനംതിട്ട

(ബി) സാങ്കേതിക വിദ്യാഭ്യാസ മേഖലലാ കാര്യാലയം, കോതമംഗലം

(1) കോട്ടയം (2) എറണാകുളം (3) തൃശ്ശൂർ (4) ഇടുക്കി

(സി) സാങ്കേതിക വിദ്യാഭ്യാസ മേഖലലാ കാര്യാലയം, കോഴിക്കോട്

(1) പാലക്കാട് (2) മലപ്പുറം (3) കോഴിക്കോട് (4) കണ്ണൂർ
(5) വയനാട് (6) കാസർകോട്

(ഒപ്പ്)
കെ.എൻ.ശശികുമാർ
സീനിയർ ജോയിന്റ് ഡയറക്ടർ(പി.എസ്)
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർ: സംസ്ഥാനത്തെ എല്ലാ പോളിടെക്നിക്ക് പ്രിൻസിപ്പാൾമാരുടെയും/ജോയിന്റ് ഡയറക്ടർ സാങ്കേതിക വിദ്യാഭ്യാസ മേഖലലാ കാര്യാലയം,കോഴിക്കോട്/കോതമംഗലം എന്നിവരുടെയും ശ്രദ്ധക്കും നടപടിക്കും.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

ബി